**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**<u>Hazrat Khalifathullah Munir Ahmad Azim (A)</u>**
**29 September 2017 / 08 Muharram 1439 Hijira)**

# INVOCATIONS (PART -1)
# പ്രാർത്ഥനകൾ (ഭാഗം 1)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽ ഫാതിഹ ഓതിയ ശേഷം **പ്രാർത്ഥനകൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

എന്നെ സംബന്ധിച്ച് എന്റെ ദാസൻമാർ നിന്നോട് ചോദിക്കുന്ന പക്ഷം, (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർത്ഥിക്കുന്നവന്റെ പ്രാർത്ഥനയക്ക് ഞാൻ ഉത്തരം നല്കും ; അവൻ എന്നെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ, അതുകൊണ്ട്, അവർ എന്റെ വിളിക്ക് ഉത്തരം നല്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗ്ഗം പ്രാപിക്കുന്നതിനു വേണ്ടി (2 : 187)

ഇന്ന് ഹിജ്റ 1439 മുഹർറ മാസം 8-ാം തീയതിയാകുന്നു. നാം മുസ്ലിംകൾ അല്ലാഹുവിനോട് നന്ദി പ്രകാശിപ്പിക്കേണ്ടവരാണ്. കാരണം അല്ലാഹു (ത) നമുക്ക് ഇസ്ലാമിക് കലണ്ടർ നല്കുകയും, വിശുദ്ധഖുർ ആനിലും റസൂൽകരീം (സ) തന്റെ വചനങ്ങളിലുടെയും മുർഹർറമാസം അനുഗൃഹീത മാസമാണ് എന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു(ത) വിശുദ്ധഖുർആനിൽ എടുത്തു പറഞ്ഞിരിക്കുന്നു. മുസ്ലിംകൾക്ക് നാല് പരിശുദ്ധമാസങ്ങൾ നല്കിയിരിക്കുന്നു എന്ന് ! ഈ മാസങ്ങളിൽ സമാധാനം കാത്തു സൂക്ഷിക്കേണ്ടതാണ് എന്ന് ആജ്ഞാപിച്ചിരിക്കുന്നു. പ്രസ്തുത മാസങ്ങളിൽ തർക്കം / പോരാട്ടം / യുദ്ധം നിർത്ഥകവും അവസാനിക്കാത്തതുമായ തർക്കങ്ങൾ / ഫലശൂന്യചർച്ചകൾ ഇവയുടെ തീവ്രതകൂട്ടി യാതൊരു പ്രയോജനവുമില്ലാത്ത കാര്യങ്ങളിൽ ഇടപെടരുത് എന്നും ഉപദേശിക്കപ്പെട്ടിരിക്കുന്നു. ഇത്തരം പ്രവർത്തികളെ അല്ലാഹുവിന്റെ ദൃഷ്ടിയിൽ വളരെയധികം വെറുപ്പുളവാക്കുന്ന കാര്യങ്ങളാകുന്നു.

ബാലിശമായ കാര്യങ്ങളിലകപ്പെട്ട്, അല്ലാഹുവിന്റെ ക്രോധങ്ങളിലകപ്പെ

ടാതിരിക്കുവാൻ പ്രത്യേകം ജാഗ്രത പുലർത്തുക. നാം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ നാം ശ്രദ്ധപതിപ്പിക്കേണ്ടതാകുന്നു. നാം ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികൾ അല്ലാഹു(ത) യ്ക്കു വേണ്ടി മാത്രമുള്ളതാണോ എന്ന് പരിശോധിച്ചു കൊണ്ടിരിക്കേണ്ടതാണ്. അതോ ജനങ്ങളെ കാണിക്കുവാനുള്ള പ്രകടനം മാത്രമാണോ? എന്നും പരിശോധന നടത്തേണ്ടതാകുന്നു.

ഇസ്ലാമിലെ എല്ലാ സഹോദരി സഹോദരന്മാരോടും ഞാൻ ആവശ്യപ്പെടുകയാണ് നിങ്ങൾ ധാരാളമായി ദുആ ചെയ്യണമെന്ന് (അല്ലാഹുവിനെ ധാരാളമായി ധ്യാനിക്കുക) അല്ലാഹുവിനോട് സഹായം അർത്ഥിക്കുക. നാം ഒന്നായി തീരേണ്ടതുണ്ട്. നാം ചിന്നഭിന്നമായി പോകരുത്. ഞാൻ നിങ്ങളോട് പറഞ്ഞു കൊണ്ടിരിക്കുന്ന എല്ലാ കാര്യങ്ങളും നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുക. 1439 ലെ മുഹർഹം മുതൽ 1440 ലെ മുഹർറം വരെ, എന്റെ സഹോദരി സഹോദരന്മാരെ നിങ്ങളന്നെ വിശ്വസിക്കുക, വളരെയധികം സംഭവങ്ങൾ, വിപത്തുകൾ ലോകത്ത് സംഭവിക്കുവാൻ പോകുന്നു. അത് ഭൂമികുലുക്കത്താലും, വെള്ളപൊക്കത്താലും വളരെയധികം ആളുകളുടെ ജീവൻ നഷ്ടമാകും. ദാരുണമായ കുറ്റകൃത്യങ്ങൾ / യുദ്ധങ്ങൾ / പോരാട്ടങ്ങൾ (രാഷ്ട്രങ്ങൾ, രാഷ്ട്രങ്ങൾക്കെതിരിൽ) ഉണ്ടാകുന്നതാണ്. നിരപരാധികളുടെ രക്തം ചീന്തുന്നതാണ്. അനേകം രാജ്യങ്ങളിൽ ചതി മൂലം നാശം വിതയ്ക്കുന്നതാണ്. ശക്തരായ രാഷ്ട്രങ്ങൾ ശക്തിഹീനരായ രാഷ്ട്രങ്ങളെ തകർത്ത് തരിപ്പണമാക്കുന്നതാണ്. മറന്നു പോകരുത്. ഇസ്ലാമും അപകടത്തിലാണ്. അതായത്, മുസ്ലിംകളുടെ ജീവിതം അപകടത്തിലാണ്, വിശിഷ്യാ എവിടെയെല്ലാം അവർ ന്യൂനപക്ഷമാണോ, അവിടെയെല്ലാം അവർ അപകടത്തിലായിരിക്കും.

ഹേ മുസ്ലിംകളെ ! മുസ്ലിം രാജ്യങ്ങളെ ! ശ്രദ്ധിക്കുക നമ്മുടെ മുസ്ലിം സഹോദരന്മാർ, സഹോദരിമാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകളെകുറിച്ച് ഒന്നു പരിഗണിക്കുക ! നമുക്ക് ഒന്നിക്കാം. ഐക്യതയാണ് ശക്തി ! നമുക്ക് മറക്കാം. നമ്മുടെ മുൻപിൽ വരാൻ പോകുന്നത് വളരെ ദാരുണമായ സംഭവങ്ങളാണ് അത് കഠിനതരവുമായിരിക്കും. നമുക്ക് പരസ്പരം പോരാടാതിരിക്കാം. അല്ലയോ ! അറബിരാജ്യങ്ങളെ ! നിങ്ങൾക്ക് അല്ലാഹു വളരെയധികം ധനം പ്രദാനം ചെയ്തിരിക്കുകയാണ്. അതുകൊണ്ട്, നിങ്ങളുടെ അതേ വിശ്വാസം വച്ചു പുലർത്തുന്ന നിങ്ങളുടെ സഹോദരങ്ങളെ സഹായിക്കുക. നിങ്ങളെപോലുള്ള അതേ വിശ്വാസം വെച്ചു പുലർത്തുന്ന നിങ്ങളുടെ സഹോദരി സഹോദരന്മാരെ മറ്റുള്ളവരുടെ ചതി

യിലകപ്പെട്ട് നിങ്ങൾ കൊല്ലരുത്.

ഈ കാര്യം നിങ്ങൾ പരിഗണിക്കണമെന്ന് ഞാൻ നിങ്ങളോട് ആവശ്യപ്പടുകയാണ്. എന്നിട്ട് നിങ്ങൾ എണ്ണി തുടങ്ങുക. 1439 മുഹർറം 1 മുതൽ, ഈ പുതു വർഷം അവസാനിക്കുന്നതുവരെ. ലോകത്തു സംഭവിക്കുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങൾ രേഖപ്പെടുത്തുക, ചെറുദ്വീപുകളെ പോലും അതായത് ഇൻഡ്യൻ മഹാസമുദ്രത്തിലും അതിന്റെ പരിസര പ്രദേശങ്ങളിലുമുള്ള സ്ഥലങ്ങളെയും ദൈവീക ശിക്ഷയിൽ നിന്ന് ഒഴിവാക്കുകയില്ല. പ്രസ്തുത ശിക്ഷ ഭൂമികുലുക്കം മൂലവും, പ്രളയ കെടുതിയാലും, വളരെ വലിയ യുദ്ധം മൂലവുമായിരിക്കും. അതു നിർത്തുവാൻ വളരെ വലിയ പ്രയാസമായിരിക്കും. ഞാൻ പറയുന്നതിൽ നിങ്ങൾ വിശ്വസിക്കുക.

ഹേ ! മുസ്ലിംകളെ ! ഹേ ! മാനവസമൂഹമെ ! നിങ്ങൾ മുൻകരുതലുകൾ എടുക്കുക. നിങ്ങൾ നിങ്ങളുടെ ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ചു വെയ്ക്കുക. ഭക്ഷ്യധാന്യങ്ങൾ വാങ്ങുക. സൂക്ഷിക്കുക. സംരക്ഷിച്ചു വെയ്ക്കുക. മനുഷ്യന്റെ വ്യാപക മരണത്തിന്റെ മറ്റൊരു കാരണം രോഗങ്ങളാലായിരിക്കും. മരണഹേതുകമായ ഒരു വൈറസ് പ്രത്യക്ഷപ്പെടുന്നതാണ്. അത് എല്ലായിടത്തും സംഹാരതാണ്ഡവമാടുന്നതാണ്. അതിനുള്ള പ്രതിവിധി കണ്ടെത്തുന്നതിനകം ദശലക്ഷക്കണക്കിനാളുകൾ മരിച്ചിട്ടുണ്ടാകും. ഖിയാമത്ത് നാളിന്റെ പ്രതീതിജനിപ്പിക്കും. ഒരു ദിവസം എല്ലാം പെട്ടെന്ന് അവസാനിക്കുന്നതു മാത്രമല്ല ഖിയാമത്ത്, മറിച്ച്, പെട്ടെന്ന് ദശലക്ഷകണക്കിനാളുകൾ മരണപ്പെടുമ്പോൾ, തീർച്ചയായും അതൊരു ഖിയാമത്ത് തന്നെയാണ്. അവരെ സംബന്ധിത്തിടത്തോളം !

എന്റെ സഹോദരീ സഹോദരന്മാരെ നിങ്ങൾ മുൻകരുതലുകൾ എടുക്കുക ! നിങ്ങൾ ധാരാളമായി ദുആ ചെയ്യുക.

നിങ്ങളുടെ നമസ്ക്കാരം കൃത്യമായി നിർവ്വഹിക്കുക. അതോടൊപ്പം നിങ്ങൾ ധാരാളമായി നഫ്ൽ നമസ്ക്കാരം നിർവ്വഹിക്കുക. നിങ്ങളുടെ ജീവിതം അല്ലാഹുവിനോടുള്ള പ്രാർത്ഥനകൊണ്ട് നിറയ്ക്കുക. അല്ലാഹുവിന്റെ മതത്തിലേക്ക് തിരിയുക. ഖുർആൻ പാരായണം ചെയ്യുക. ധാരാണമായി സദഖ ചെയ്യുക. മാനവകുലത്തിന്റെ മേൽ നടത്തപ്പെടുന്ന ഒരു പരീക്ഷണമാണിത്.

അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനായി, നമ്മുടെ ജീവിതത്തിന്, നമുക്കൊരു നല്ല മാറ്റം വരുത്താം. അവന്റെ ക്രോധം ഉണ്ടാകുന്ന എല്ലാ പ്രവർത്ത

നങ്ങളിൽ നിന്നും നമുക്ക് മാറി നില്ക്കാം. നമുക്ക് മറ്റെല്ലാത്തിനും ഉപരിയായി, ദീനുമായി ചേർന്ന് നില്ക്കാം. നമുക്ക് അല്ലാഹുമായി ശക്തമായ ഒരു ബന്ധം സ്ഥാപിച്ച് നില്ക്കാം. ഈ മഹാവിപത്തുകളിൽ നിന്ന് നമ്മെ രക്ഷിക്കുവാനുള്ള ശക്തി അല്ലാഹുവിന് മാത്രമാണുള്ളത്.

ഇൻശാ അല്ലാഹ് !

അല്ലയോ സഹോദരീ സഹോദരന്മാരെ ! ദൈവഭക്തിയാൽ നിങ്ങൾ നിങ്ങളെ സ്വയം നിറയ്ക്കുക. സൂക്ഷ്മത കൈകൊള്ളുക. ദൈവഭയമുള്ളവരായിരിക്കുക. വിനയമുള്ളവരായിരിക്കുക. നിങ്ങൾ പരുഷപ്രകൃതമുള്ളവരാകരുത്. ദുരാഗ്രഹി യുമാകരുത്. അഹംഭാവിയുമാകരുത്. ഹൃദയശൂന്യനുമാകരുത്. അല്ലാഹുവിന് അതൃപ്തി ഉണ്ടാകുന്ന ഒരു കാര്യവും ചെയ്യാതിരിക്കുക. അല്ലാഹു (ത) യ്ക്ക് നമ്മോട് സന്തോഷം ഉണ്ടാകുന്ന കാര്യങ്ങൾ ചെയ്യുക. അല്ലാഹു (ത) നമ്മെ സ്നേഹിക്കുന്നതിനുള്ള കാര്യങ്ങൾ ചെയ്യുക. നാം ചെയ്യുന്ന എല്ലാ പ്രവർത്തന ങ്ങളും, ഒരേ ശബ്ദത്തോടെ, ഒരേ ശരീരത്തിൽ നിന്നും വരുന്നതുപോലെ, അതാ യത് ഇസ്ലാമിന്റെ ശരീരത്തിൽ നിന്നും വരുന്ന ശബ്ദം പോലെ ! ഒരൊറ്റ ശരീര മായി നാം അല്ലാഹുവിന്റെ മുൻപിൽ നില്ക്കണം. സമ്പൂർണ്ണമായും നാം അല്ലാ ഹുവിലേക്ക് തിരിയേണ്ട ആവശ്യമുണ്ട്. അങ്ങനെ ആയാൽ ഈ മഹാവിപത്തിൽ നമ്മെ ശിക്ഷിക്കാതിരിക്കാം. നാം ഈ പറഞ്ഞതെല്ലാം (അല്ലാഹുവും അവന്റെ ദൂതനും പറഞ്ഞത് ദൈവീക വെളിപാടിലൂടെയുള്ളതാകുന്നു) ആയതിനാൽ, മാന വസമൂഹം മൊത്തത്തിൽ ഈ ദൈവീക പ്രകാശം ലഭിച്ചു എന്ന് സാക്ഷിപറയുക, ഈ ദൈവീക സന്ദേശത്തെയും, ഈ നൂറ്റാണ്ടിലെ ദൂതനെയും അംഗീകരിക്കുക. ഇൻശാ അല്ലാഹ് ! ഈ വിഷയം സംബന്ധമായി കൂടുതൽ ശക്തമായി, അധികം താമസിയാതെ എല്ലാ മുസ്ലിംകളെയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങ ളെയും അഭിസംബോധന ചെയ്ത് വീഡിയോയിലൂടെ സംസാരിക്കുവാനുള്ള തൗഫീഖ് എനിക്ക് അല്ലാഹു (ത) നല്കട്ടെ ! ഇൻശാ അല്ലാഹ് !

നിങ്ങൾക്കെല്ലാം അറിയാവുന്നതുപോലെ നാം പരിശുദ്ധമായ മുഹർറം മാസത്തിലാണിപ്പോൾ. ഈ മാസം ദൈവീക അനുഗ്രഹങ്ങൾ കൊണ്ട് നിറയ പ്പെട്ട മാസമാകുന്നു. ആയതിനാൽ നാം ഈ മാസത്തിൽ ഇബ്ദാത്തിന് വളരെ വലിയ പ്രാധാന്യം നല്കേണ്ടതാണ്. ഇൻശാ അല്ലാഹ് !

ഈ ദൈവീക അനുഗ്രഹങ്ങളും സൗമനസ്യങ്ങളും നമുക്ക് നഷ്ടപ്പെടു ന്നില്ല എന്ന് നാം ഉറപ്പാക്കേണ്ടതാണ്. ആത്മീയ പാതയിലൂടെ പരിഷ്ക്കരണ നട

പടികൾ നാം എടുത്തശേഷം നമ്മുടെ പഴയനടപടികളിലേക്ക് മടങ്ങിപോകുന്ന അവസ്ഥാവിശേഷം ഉണ്ടാകരുത്. സാത്താന്റെ എല്ലാവിധ തിന്മകളിലേക്കും വീണ്ടും പ്രേരിതരായി എല്ലാം നഷ്ടപ്പെടുന്നതിലേക്ക് മടങ്ങിപോകാൻ ഇടവരാതിരകട്ടെ ! എല്ലാ അനുഗ്രങ്ങളും എല്ലാ സൗമനസ്യങ്ങളും എല്ലാ ദൈവീക പ്രീതിയും നമുക്ക് നഷ്ടമാകതിരിക്കട്ടെ.

ഏറ്റവും ഗുരുതരമായ കാര്യം നമുക്ക് അല്ലാഹുവിനെ നഷ്ടമാകുന്നു എന്നതാണ്. അപമാനകരമായ അത്തരം അവസ്ഥയില്ക്ക് നാം മടങ്ങിപോകരുത്. നമ്മുടെ റബ്ബിനെ നമുക്ക് നഷ്ടമാകരുത്. താത്ക്കാലികമായ ഈ ലോകത്തിലെ എല്ലാം നമുക്ക് നഷ്ടമായിക്കൊള്ളട്ടെ, അതിന് നാം തയ്യാറാവുക. എന്നാൽ അല്ലാഹുവിനെ നമുക്ക് നഷ്ടമാകരുത്. അല്ലാഹു (ത) നമ്മോടൊപ്പമുണ്ടെങ്കിൽ, നമ്മോടൊപ്പം എല്ലാമുണ്ട്. ഭൗതികമായ സാധനങ്ങൾ പോലുമുണ്ട്. എന്നാൽ അല്ലാഹു (ത) നമ്മോടൊപ്പമില്ലെങ്കിൽ, നമ്മോടൊപ്പം ഒന്നുമില്ല, ഒരാളോടൊപ്പം ധനത്തിന്റെ കുമ്പാരം തന്നെ ഉണ്ടെന്നുള്ള തോന്നൽ അയാൾക്കുണ്ടെങ്കിൽ പോലും ! നിങ്ങൾ മനസ്സിലാക്കുക ഇതെല്ലാം വെറും താത്ക്കാലികമാണ് ! ഒരല്പകാലത്തേക്കുള്ളത്. ! തീർച്ചയായും അല്ലാഹു(ത) കണ്ണടച്ചു തുറക്കുന്നിനു മുൻപ് ഇതെല്ലാം ഒന്നുമില്ലാതാക്കി മാറ്റുവാൻ കഴിവുറ്റവനാകുന്നു. അങ്ങനെ നിങ്ങൾക്ക് ഇഹലോകത്തും പരലോകത്തും ഒന്നുമില്ലാത്തവനായി മാറുന്നു. ഇതിനെക്കാൾ ഗുരുതരമായ മറ്റെന്തു കാര്യമാണ് ഒരു മുസ്ലിംമിനുള്ളത്. ? അവന് / അവൾക്ക് അല്ലാഹുവിനെ നഷ്ടമാവുക എന്നതിനേക്കാൾ ! അല്ലാഹു (ത) നിങ്ങളിൽ നിന്നും വിദൂരത്തായിരിക്കുന്നു. കാരണം നിങ്ങൾ സാത്താന്റെ പിടിയിലമർന്നു പോയി. സാത്താൻ നിങ്ങളുടെ കണ്ണുകൾക്ക് സൗന്ദര്യമേകിയതിലെല്ലാം നിങ്ങൾ ആകൃഷ്ടരായി ! അങ്ങനെ നിങ്ങൾ നേർപാതയിൽ നിന്നും വ്യതിചലിച്ചു. അല്ലാഹുവിൽ നിന്നും അകന്നു പോയി. നേരെ മറിച്ച്, അല്ലാഹുവിൽ ദൃഢമായി ഉറച്ച്, നേർപാതയിൽ നിന്നവർ, അവർ ആരാധനയിൽ എപ്പോഴും മുഴുകി കഴിഞ്ഞു. അത് അല്ലാഹു അവരോട് കല്പിച്ചതായിരുന്നു. അവർ അല്ലാഹുവിനെ നഷ്ടപ്പെടുന്നത് തീരെ ഇഷ്ടപ്പെട്ടില്ല. മറ്റൊരുവാക്കിൽ പറഞ്ഞാൽ അവർക്ക് അല്ലാഹുവിനെ വേണമായിരുന്നു. അവർക്ക് പ്രതിഫലമായി അവൻ മാത്രം മതിയായിരുന്നു. അല്ലാഹുവിനെ അവർക്ക് പ്രതിഫലമായി ലഭിക്കുമ്പോൾ, അവർക്ക് ആവശ്യമുള്ളത് അവരുടെ റബ്ബിനോട് ചോദിക്കാവുന്നതാണ്. ഞാൻ നിങ്ങളുടെ മുൻപാകെ ആദ്യം ഓതിയ വചനത്തിൽ പറഞ്ഞതുപോലെ ! ഈ വചനം മനു

ഷ്യന്റെ കണ്ണുതുറപ്പിക്കുന്നതിനായി വർത്തിക്കുന്നു. അവരെ ഒരു കാര്യത്തിലേക്ക് ബോധം നല്കുന്നു. അതായത് അവർക്ക് ആവശ്യമുള്ളത് അവർക്ക് ലഭിക്കുന്ന താണ്. അത് അല്ലാഹുവിനെ തന്നെയാണെങ്കിൽ പോലും ! നിങ്ങൾ വിശുദ്ധഖുർ ആൻ പാരായണം ചെയ്യുമ്പോൾ, നിങ്ങൾ അത്തരം ദുആകൾ കണ്ടെത്തുന്നതാ ണ്. അത്തരം ദുആകൾ അല്ലാഹു (ത) താൻ തന്നെ നമ്മെ പഠിപ്പിച്ചതാകുന്നു. അത്തരം ദുആകളാണ് അല്ലാഹുവിന്റെ നേരെ നാം സമർപ്പിക്കുവാൻ അവൻ ആവ ശ്യപ്പെടുന്നത്. അതു മാത്രമല്ല. നാം ഹദീസുകളും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യുടെ സുന്നത്തുകളും നാം വായിക്കുമ്പോൾ, നിങ്ങൾക്ക് അദ്ദേഹം നമ്മെ പഠിപ്പിച്ച അനേകം ദുആകൾ കാണുവാൻ കഴിയും. പ്രസ്തുത ദുആകൾ നമ്മുടെ നിത്യജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തതുമാകുന്നു. വാഗ്ദത്തമസീഹ് ഹസ്രത് മിർസാഗുലാം അഹ്മദ് (അ) ന്റെ ആഗമനത്തോടെ, അദ്ദേഹത്തിന്റെ ഗ്രന്ഥ ങ്ങളിലൂടെയും കുറച്ചു ദുആകൾ നമ്മെ പഠിപ്പിക്കുകയുണ്ടായി. പ്രസ്തുത ദുആ കൾ അദ്ദേഹത്തിന് വെളിപാടു വഴി ലഭിച്ചതാകുന്നു. അത് അല്ലാഹു (ത) അദ്ദേ ഹത്തിന് പഠിപ്പിച്ചുകൊടുത്തതാകുന്നു. നാം വാഗ്ദത്തമസീഹ് (അ) നെ അംഗീ കരിക്കുകയും സ്വീകരിക്കുകയും ചെയ്തവരെന്ന നിലയിൽ നാം ഭാഗ്യവാന്മാരാണ്, കാരണം നമ്മുടെ ആത്മീയ ജീവിതത്തിൽ നമുക്ക് ലഭിച്ച അധിക വരമാണത്.

അതിന് ശേഷം ഹുസുർ (അ) വാഗ്ദത്തമസീഹ് (അ) നെ പ്രതിരോധിച്ചു കൊണ്ട് സദസ്സിനെ അറിയിക്കുകയുണ്ടായി. ചില മന്ദബുദ്ധികൾ (മുസ്ലിംക ളിൽ നിന്നും / മുസ്ലിംകളെന്ന് പറയപ്പെടുന്നവർ, വാഗ്ദത്തമസീഹ് (അ) നെ ദജ്ജാൽ എന്ന് പേരു നല്കുകയുണ്ടായി. അല്ലാഹു കാക്കട്ടെ ! വ്യക്തിപരമായും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ പേരിലും ഞങ്ങൾക്ക് ഹസ്രത് മിർസാഗുലാ അഹ്മദ് (അ) ന്റെ മേൽ ദൃഢമായി വിശ്വാസമുള്ളവരാകുന്നു. അതുപോലെ മുസ ലീഹ്മൗഊദ് ആയ ഹസ്രത് മിർസാബശീറുദ്ദീൻ മഹ്മൂദ്അഹ്മദ് (റ) ന്റെ മേലും ദൃഢവിശ്വാസമുള്ളവർ തന്നെയാണ്. അദ്ദേഹത്തിന് ശേഷമുള്ള ഖലീഫമാരിലും (അതായത് ഈ നൂറ്റാണ്ടിലെ ദൈവീക വെളിപാടിന്റെ വരവിന് മുൻപുള്ള ഖലീ ഫമാരിലും, നാലാം ഖലീഫയിൽ പോലും ഞങ്ങൾക്ക് വിശ്വാസമുള്ളവരാകു ന്നു. മുസ്ലീംകൾ ഖുർ ആൻ ഹൗസിൽ നടത്തിയ മീറ്റിംഗിനെ ഹുസുർ കുററപ്പെ ടുത്തുകയുണ്ടായി. കാരണം അവർ വാഗ്ദത്ത മസീഹ് (അ) നെ ദജ്ജാൽ എന്ന നിലയിലാണ് അപവാദം പറഞ്ഞ പരമാർശിച്ചത്. അതുപോലെ ഹുസൂർ (അ) അഹ്മദിയ്യാ മിഷണറിമാരെയും കുറ്റപ്പെടുത്തുകയുണ്ടായി കാരണം അവർ,

വാഗ്ദത്ത മസീഹ് (അ) നെ മുസ്ലിംകൾ അപമാനപ്പെടുത്തിയിട്ട്, അതിനെ ഖണ്ഡിക്കുവാൻ മുന്നോട്ടു വന്നില്ല.

ഉദാഹരണമായി പറഞ്ഞാൽ, ദുആയുടെ പ്രാധാന്യത്തെകുറിച്ച് വാഗ്ദത്തമസീഹ് (അ) ന് ഒരു വെളിപാട് ലഭിക്കുകയുണ്ടായി. തന്റെ ഗ്രന്ഥമായ (ത്രിർയാഖുൽ ഖുലൂബ് പേജ് 70) ൽ അത് രേഖപ്പെടുത്തിയിരിക്കുന്നു. വെളിപാട് താഴെപറയുന്നതുപോലയാകുന്നു. അവരോട് പറയുക എന്റെ അല്ലാഹു നിങ്ങൾ ദുആ ചെയ്യുന്നില്ലെങ്കിൽ നിങ്ങളെ അവൻ പരിഗണിക്കുകയില്ല. ഹസ്രത് മസീഹ് മൗഊദ്(അ) ന് ലഭിച്ച മറ്റൊരു വെളിപാട് എല്ലാവരുടെയും പ്രാർത്ഥന ശ്രദ്ധിക്കുന്നവൻ ആരാണോ, ആരെയാണോ അവർക്ക് ആവശ്യമായിട്ടുള്ളവൻ, ഏതൊരുവനോടാണോ അർത്ഥിക്കപ്പെടുന്നത് (അവൻ ഉത്തരം നല്കുന്നതാണ്) ആയിനാകമാലാത്തെ ഇസ്ലാം എന്ന മസീഹ് മൗഊദ് (അ) ന്റെ ഗ്രന്ഥത്തിൽ അല്ലാഹു (ത) അറിയിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.

### എന്നോട് അർത്ഥിക്കുക ഞാൻ ഉത്തരം ചെയ്യുന്നതാണ്

നോക്ക് ! നാം എത്ര ഭാഗ്യവന്മാരാണ്. നമ്മിൽ അണിയിച്ചൊരുക്കിയിരിക്കുന്ന അതിമഹത്തായ ആയുധം നോക്കു ! അത് നിരപരാധികളെ കൊല്ലുവാനുള്ള നാശകേതുകമായ ആയുധമല്ല ! അതായത് ബോംബുകൾ പോലുള്ളത് ! തീർച്ചയായും അത്തരം നാശകേതുകമായ ഉപകരണങ്ങൾ, ഇസ്ലാമിന്റെ പ്രശ്സതിയുടെ മേൽ ചാർത്തുന്ന നിന്ദ്യമായ പദ്ധതികളാണ്. അങ്ങനെ ജനങ്ങൾ ധരിക്കുന്നു. ഇസ്ലാം ഒരു ഭീകരമതമാണന്ന് ! എന്നാൽ ഇസ്ലാം വളരെ സമാധാനപരമായ ഒരു മതമാകുന്നു. അത് പ്രബോധിക്കുന്നത് ഏകനായ പരമമായ ദൈവത്തിന് സകലതും സമർപ്പിക്കുവാനാണ്.

ദുആ എന്ന വിഷയത്തിലേക്ക് തന്നെ മടങ്ങിവരുകയാണ്. ഒരു വിശ്വാസി തന്റെ പരമാവധി സമയം പ്രാർത്ഥനയ്ക്കായി ചെലവഴിക്കേണ്ടതാണ്. ഒരു വിശ്വാസി ഒരു മത്സ്യത്തെപോലെയാണ്. അതിന് ജലമില്ലതെ ജീവിക്കുവാൻ കഴിയുകയില്ല. ജലമില്ലെങ്കിൽ അത് മരണപ്പെടുന്നു. ഒരു വിശ്വാസി പ്രാർത്ഥനയില്ലെങ്കിൽ അവൻ ആത്മീയമായി മരണപ്പെട്ടു കഴിഞ്ഞു. ദുആ ഒരു വിശ്വാസിയെ എപ്പോഴും ജീവിപ്പിച്ചു നിർത്തുന്നു. ഒരു വിശ്വാസിക്ക് ദുആ ഏറ്റവും വലിയ ഒരു ആയുധം തന്നെയാണ്. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ സംരക്ഷണമാണ് ഏറ്റവും നല്ല സംരക്ഷണം. അവൻ കരുണവാരിധികളിൽ വച്ച് ഏറ്റവും വലിയ കരുണാവാരിധിയാകുന്നു.

അതുകൊണ്ട് നമുക്ക് അല്ലാഹുവിനോട് പ്രാർത്ഥിക്കാം എന്റെ നാഥാ മരണപ്പെട്ടവരെ നീ എങ്ങനെയാണ് ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുന്നതെന്നു കാണിച്ചു തന്നാലും.

എന്റെ നാഥാ എന്റെ അറിവിനെ നീ എനിക്ക് വർദ്ധിപ്പിച്ചു തരേണമെ

തൊട്ടുമുകളിൽ പറഞ്ഞ ദുആ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങളോട് മിക്കപ്പോഴും ഉപദേശിച്ചു കൊണ്ടിരിക്കുന്നതുമാണ്. വിശിഷ്യാ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ കുട്ടികളോട് അവർ പഠിക്കുവാൻ തുടങ്ങുമ്പോൾ ഈ പ്രാർത്ഥന ചൊല്ലേണ്ടതാണ്.

സൂറ : നൂഹിൽ 27-ാം വചനത്തിൽ വളരെ അത്ഭുതകരമായ ഒരു പ്രാർത്ഥന കാണുന്നു. എന്റെ നാഥാ ഈ ഭൂമിയിൽ (ഈ നാട്ടിൽ) അവിശ്വാസികളിൽ ഒരു വീട്ടുകാരനെയും നീ വസിക്കാൻ വിടരുതെ !

ഞങ്ങളുടെ നാഥാ ! ഞങ്ങൾ വിശ്വസിക്കുന്നു ഞങ്ങളെ നീ സാക്ഷികളിൽ എഴുതേണമെ !

ഞങ്ങളുടെ നാഥാ ! ഞങ്ങൾക്കും ഞങ്ങളുടെ ജനതയ്ക്കുമിടയിൽ നീ സത്യം കൊണ്ട തീരുമാനിക്കേണമെ ! ഏറ്റവും നല്ല തീരുമാനമെടുക്കുന്നവൻ നീ തന്നെയാണല്ലോ

പ്രഭാതത്തിന്റെ നാഥനിൽ ഞാൻ അഭയം തേടുന്നു. അവൻ സൃഷ്ടിച്ച സൃഷ്ടികളിൽ നിന്നുള്ള ഉപദ്രവത്തിൽ നിന്നും ഞാൻ അവനിൽ അഭയം പ്രാപിക്കുന്നു. ഇരുട്ട് കാഠിന്യമാകുമ്പോൾ ഉണ്ടാകുന്ന ഉപദ്രവത്തിൽ നിന്നും ഞാൻ അവനിൽ അഭയം തേടുന്നു.

നിങ്ങളുടെ മുമ്പാകെ കുറെ ദുആകൾ കൂടി സമർപ്പിക്കുകയാണ്. ചിലത് എനിക്ക് വെളിപാടിലൂടെ ലഭിച്ചതാണ്. ഒരു പക്ഷേ അത് നേരത്തെ ഉള്ളതു തന്നെ ആയിരിക്കാം. അത് ഖുർആനിലും ഹദീസുകളിലും അഥവാ മറ്റിടങ്ങളിലും, ഇനി ഇതുവരെ വെളിപ്പെടുത്താത്തതുമാകാം. ഏറ്റവും നന്നായി അറിയുന്നവർ അല്ലാഹു മാത്രമാകുന്നു. എന്നാൽ ഈ ദുആകൾ എല്ലാം തന്നെ അവൻ തെരഞ്ഞെടുത്ത അവന്റെ ഭക്തമാരിലൂടെ ലഭ്യമായിട്ടുള്ളതാകുന്നു. അൽഹം ദുലില്ലാഹ് ! തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിനോട് വളരെയധികം നന്ദിയുള്ളവനായിരിക്കേണ്ടതാണ്. അവൻ ഈ ലോകത്തിന്റെ സൃഷ്ടാവാകുന്നു. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ അല്ലാഹു (ത) ഈ ദുആ എനിക്ക് പഠിപ്പിച്ചു തന്ന

തിലൂടെ ഞാൻ വളരെ വലിയ ഭാഗ്യവാനാണ് എന്ന് കരുതുന്നു. ഞാൻ ഈ ആത്മീയ നിധി നിങ്ങളുടെ മുൻപാകെ തുറന്നു വെയ്ക്കുകയാണ്. സത്യത്തിൽ തീർച്ചയായും നിങ്ങളും വലിയ ഭാഗ്യവന്മാരാകുന്നു. കാരണം ഈ ആത്മീയ നിധിയിൽ നിന്നും നിങ്ങൾക്കും പ്രയോജനമുൾകൊള്ളുവാൻ കഴിയുന്നുവല്ലോ. ഒരു വിശ്വാസി എപ്പോഴും ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ട്. അത് താൻ തന്റെ ജീവിതത്തിൽ ഏറ്റവും കൂടുതൽ മുൻഗണന നല്കേണ്ടത് അല്ലാഹുവിനാണ് എന്നതാണത്. അല്ലാഹു (ത) എന്നെ പഠിപ്പിച്ച ദുആ കളാണ് താഴെ പറയുന്നത്

എന്റെ നാഥാ ! നീ എന്നെ ഒറ്റയ്ക്ക് വിടരുതെ ! അനന്തരാവകാശികളിൽ ഏറ്റവും ഉത്തമനായവൻ നീ തന്നെയാണ്

ഈ ദുആ നിങ്ങൾ അപഗ്രഥനം ചെയ്യുകയാണെങ്കിൽ, ഈ ദുആ അല്ലാഹു (ത) എങ്ങനെയാണ് അംഗീകരിച്ചിരിക്കുന്നത് എന്ന് മനസ്സിലാകും. ഈ ദുആ അവൻ എനിക്ക് വെളിപ്പെടുത്തി തന്നതാകുന്നു. എങ്ങനെയാണ് ഇത് പൂർത്തി യായതെന്നു നോക്കു ! എന്നെ നിസാമെജമാ അത്തിൽ നിന്നും അഹ്മദിയ്യത്തിൽ നിന്നും പുറത്താക്കുകയും, പരുഷമായി എന്നോടു പറയുകയും ചെയ്തു. നിങ്ങൾ പോകു, പോയി നിങ്ങളുടേതായ ജമാഅത്ത് ഉണ്ടാക്കുക. എന്നിട്ട് ഒരാൾ (കൃത്യ മായി പറഞ്ഞാൽ രണ്ട്) പോയാൽ അഹ്മദിയ്യാ, ജമാഅത്തിൽ ലക്ഷകണക്കിനാ ളുകൾ വരുന്നതാണ്.

അഹ്മദിയ്യാ മുസ്ലിം സമുദായത്തിൽ ഇപ്പോൾ ലക്ഷക്കണക്കിനാളുകൾ പ്രവേശിക്കുന്നത് നിങ്ങൾ കാണുന്നുണ്ടോ ? ഇപ്പോൾ ഈ നൂറ്റാണ്ടിലെ അല്ലാ ഹുവിന്റെ ഖലീഫ എന്ന നിലയിൽ, എനിക്ക് പറയുവാൻ കഴിയും, അല്ലാഹു വിന്റെ അനുഗ്രഹത്താൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ അനേകർ സംഘ മായി ചേര്ന്നു കൊണ്ടിരിക്കുന്നു എന്ന് !കോമറോസ്, മയോട്ടി, ഇൻഡ്യ-കേര ള, തമിഴ്നാട്-മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ അല്ലാഹു (ത) അവരുടെ ഹൃദയ ങ്ങളെ തുറന്നു കൊണ്ട് അല്ലാഹുവിന്റെ ഖലീഫയെ അംഗീകരിക്കുന്നത് തീർച്ചായും ഇത് വളരെ വലിയ ദൈവീക അനുഗ്രഹമാണ്. അദ്ദേഹത്തിന്റെ ദൗത്യ ത്തിനുള്ള അംഗീകാരമാണ്. ഞാൻ വളരെ വിനയത്തോട് പറയട്ടെ ! അല്ലാഹു (ത) എന്നെ ഒറ്റയ്ക്ക് വിട്ടിട്ടില്ല. ഒരു മനുഷ്യൻ ആഗ്രഹിക്കാവുന്ന അനന്തരാവ കാശികളിൽ ഏറ്റവും ഉത്തമൻ അവൻ തന്നെയാണ്. അവന്റെ സാന്നിദ്ധ്യം എന്നോ ടൊപ്പം ഉള്ളതൊടൊപ്പം എന്റെ മേൽ അവൻ ചൊരിഞ്ഞ അവന്റെ ഉറപ്പും സ്നേഹ വും, അതോടൊപ്പം ലോകത്തുടെനീളം അനേകം രാജ്യങ്ങളിൽ എനിക്ക് അവൻ

അനുയായികളെ പ്രദാനം ചെയ്തു. ഇതിനാണ് ദൈവീക ആനുകൂല്യമെന്ന് പറയുന്നത്. അതുപോലെ തന്നെ അവൻ തെരഞ്ഞെടുത്ത സേവകന്റെ സത്യതയുടെ തെളിവും !

സമയ കുറവിനാൽ, ഞാൻ എന്റെ പ്രസംഗം ഇന്നിവിടെ നിർത്തുന്നു. ഇൻശാ അല്ലാഹ്, അടുത്ത ആഴ്ചയിൽ, ഇതേ വിഷയം തുടരുന്നതാണ്. അല്ലാഹു (ത) എന്നെ പഠിപ്പിച്ച ഈ മനോഹര ദുആ യോടെ ഞാനിത് അവസാനിപ്പിക്കുന്നു.

യാ അല്ലാഹ് ! നീ അനന്തനാണ്,
അനന്തനായി നീ തുടരുന്നതാണ്,
ഞാൻ തേടുന്നത് നിന്നെയാണ്,
എൻ നിലനില്പിൻ ലക്ഷ്യം നീ മാത്രമാണ് !
നീയില്ലെങ്കിൽ, ഞാനൊന്നുമല്ല
യാ അല്ലാഹ് ! നിൻ സ്നേഹത്തിൻ ദാഹാർത്തനാണ് ഞാൻ !
നിൻ സ്നേഹം എന്നിൽ പൂർത്തിയാക്കു !
യാ അല്ലാഹ് ! നിൻ കാരുണ്യം തേടുന്ന ദൗർഭഗൻ ഞാൻ
നിൻ കാരുണ്യം എന്നിൽ സമ്പൂർണ്ണമാക്കു
ഞാനായി തീരട്ടെ ഈ നൂറ്റാണ്ടുതൻ
പ്രകാശം ചൊരിയുന്ന ശക്തമാം വിളക്ക് !
സാത്താന്മാർ എല്ലാം ഭയപ്പെടട്ടെ !
നിൻ പ്രകാശത്താൽ ഞാൻ കത്തിടട്ടെ
മാനവസമൂഹം വഴി നടക്കട്ടെ
നിന്നിലേക്കെത്തുന്ന പാതയിലൂടെ !
ഹേ അനന്താ ! യാ അല്ലാഹ് ! സ്നേഹിക്കു എന്നെ
നിൻ അനന്തമാം പ്രകാശപാതയാൽ
എന്നിൽ പ്രകാശം ചൊരിയൂ വിതറൂ!
നിൻ കടാക്ഷം എന്നിലേക്കെപ്പോഴും
സ്നേഹാനുകമ്പയാം അക്ഷികളാൽ !
ഒരു നാളും നീ എന്നെ കൈവിടല്ലേ
അറിയാം എനിക്കതു നല്ലപോലെ !
എന്നെ ഉയർത്തിയത് നീ തന്നെയാണ്
നേർപാതയിൽ നടത്തുന്നതും നീ തന്നെ

ഗുരുവും, നീ തന്നെ

മറ്റുള്ളവരെ വഴി നടത്താൻ പഠിപ്പിച്ചതും നീ തന്നെ!

ഭരമേല്പിക്കട്ടെ നിന്നിൽ സകലതും

എൻ സാന്ത്വനം നീയല്ലാതെ മറ്റാര് ?

യാ അല്ലാഹ് ! ശാശ്വത സാന്ത്വനം നീയേ!

അനന്ത സാന്ത്വന വീഥിയും നീയേ!

നിന്നെ ലഭിച്ചവൻ ഭാഗ്യവാൻ തന്നെ!

എന്നെ നിൻ ഉപകരണമാക്കി മാറ്റൂ !

നൂറ്റാണ്ട് തിളങ്ങട്ടെ പ്രകാശധാരയാൽ

നിൻ സേവകർ തൻ ഹൃത്തടങ്ങളും !

മറ്റെല്ലാ മാനവ ജാതികളും

നീ മാത്രമാകട്ടെ അവർ തൻ ഹൃത്തിൽ

അലയാതിരിക്കട്ടെ വഴികേടിലാരും !

എൻ ജീവിത ലക്ഷ്യത്തിൻ !

പരം പൊരുളെ ! അല്ലാഹ്

നീട്ടിയ കരങ്ങളെ

മടക്കല്ലെ വെറുതെ !

ഞാനോരജ്ഞൻ !

പാഠം പകർന്നതോ നീ എന്ന് ജ്ഞാനി!

എൻ കൂടെ വസിക്കുമോ നിത്യമായ് !

നീ മാത്രമാണെന്റെ ചിന്താങ്ങലധികവും !

ആമീൻ സുമ്മ ആമീൻ

യാ റബ്ബൽ ആലമീൻ !!

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**